**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4799** **13-03-2023 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതേറിറ്റി കുടിശികയിനത്തിൽ നൽകാനുള്ള തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | വെള്ളക്കരം വർദ്ധിപ്പിച്ചതിലൂടെ പ്രതിവർഷം എത്ര രൂപയാണ് അധികം സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | വെള്ളക്കരം ലിറ്ററിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിച്ചതിലൂടെ 401.61 കോടി രൂപയുടെ അധിക വാർഷിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കെ.എസ്.ഇ.ബിയ്ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള കുടിശ്ശികയും കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ആനുകൂല്യവും ഉൾപ്പടെ കേരള വാട്ടർ അതേറിറ്റിയ്ക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളത്; | (ബി) | കെ.എസ്.ഇ.ബിയ്ക്ക് വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള കുടിശ്ശികയും ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള ആനുകൂല്യവും ഉൾപ്പെടെ കേരള വാട്ടർ അതേറിറ്റി 31/01/2023 വരെ 2,613.12 കോടി രൂപ കൊടുത്തു തീർക്കാനുണ്ട്. കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക 31/01/2023 വരെ 145.09 കോടി രൂപയാണ്. |
| (സി) | കേരള വാട്ടർ അതോറിറ്റിയ്ക്ക് നിലവിലുള്ള കുടിശിക തീർപ്പാക്കിയതിന് ശേഷം, വെള്ളക്കരം വർദ്ധിപ്പിച്ചത് വഴി അടുത്ത മൂന്ന് വർഷം കൊണ്ട് സമാഹരിക്കാൻ കഴിയുന്ന തുകയെത്രയാണ്; പ്രസ്തുത തുകയിൽ എത്ര നീക്കിയിരിപ്പുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | കേരള വാട്ടർ അതോറിറ്റിക്ക് വാട്ടർ ചാർജ് വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന അധിക തുക നോൺ പ്ലാൻ ഗ്രാൻഡ് ഇനത്തിൽ സർക്കാർ നൽകേണ്ടിയിരുന്ന തുകയായ 644.91 കോടി രൂപ (2023-2024സാമ്പത്തിക വർഷത്തേയ്ക്ക് ആവശ്യപ്പെട്ട തുക 998.07 കോടി അനുവദിച്ച തുക 353.16 കോടി) നേക്കാൾ കുറവാണ്. ആയതിനാൽ പ്രസ്തുത അധിക വരുമാനത്തിൽ നീക്കിയിരുപ്പ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നില്ല. ആയിരം ലിറ്റർ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചിലവാകുന്നുണ്ട്.എന്നാൽ ലഭിക്കുന്ന ശരാശരി വരുമാനം 10.92 രൂപയാണ്. (ചാർജ് വർദ്ധനവിന് മുമ്പ്) അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ 11.93 രൂപയുടെ നഷ്ടം വരുന്നു. 03-02-2023 ലെ വർദ്ധനവ് അനുസരിച്ച് ആയിരം ലിറ്ററിന് പത്ത് രൂപയാണ് വർദ്ധിക്കുന്നത് അപ്പോഴും ചിലവിനേക്കാൾ കുറഞ്ഞ തുകയാണ് ലഭിക്കുവാൻ പോവുന്നത്. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. ഒരു വർഷം അധികമായി പ്രതീക്ഷിക്കുന്ന വരുമാനം ആ വർഷത്തെ ചെലവുകൾക്ക് തന്നെ തികയാത്ത സാഹചര്യത്തിൽ സർപ്ലസ് ഉക പ്രതീക്ഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ